കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കഠിനംകുളം ഗ്രാമ പഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2016-17

ജില്ലാ ഓഡിറ്റ് കാര്യാലയം

തിരുവനന്തപുരം

email :- lfadtvm@yahoo.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

റ്റി.വി.എം.ജി.പി. 11 /1935/2017 നം.കെ.എസ്.എ.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം,

തീയതി: 27.9.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

കഠിനംകുളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം:- കഠിനംകുളം ഗ്രാമപഞ്ചായത്ത് - 2016-17സാമ്പത്തിക വർഷത്തെ

ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കഠിനംകുളം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) - ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികയിലേക്ക് പ്രത്യേകം ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഒപ്പ്/-

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ് :</u>

1) സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം),

2) ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്, തിരുവനന്തപുരം,

3) കാര്യാലയ പകർപ്പ്,

4) സ്പെയർ.

നം.കെ.എസ്.എ.റ്റി.വി.എം/ജി.പി.11/ 1935/2017

തീയതി: 27.9.2017

## തിരുവനന്തപുരം ജില്ലയിലെ കഠിനംകുളം ഗ്രാമപഞ്ചയത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ കഠിനംകുളം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 20.10.2016 മുതൽ 19.08.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 24 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. പ്രസ്തുത മറുപടികളും വിശദീകരണങ്ങളും പരിഗണിച്ചുകൊണ്ടാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ എ.ജമാലുദീൻ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19.08.2017 മുതൽ 24.08.2017 വരെ |

| | |
|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.സിന്ധു.പി.എസ്, ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ലിപു എസ് ലോറൻസ് , ഓഡിറ്റർ |
| | ശ്രീ.സഫീർ അഹമ്മദ് അബ്ദുൽ റൗഫ്, ഓഡിറ്റർ |
| | ശ്രീമതി.അനുലക്ഷ്മി.വി , ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. അബ്ദുൾ വാഹിദ്, | 01.04.2016മുതൽ 31.03.2017വരെ |
| സെക്രട്ടറി | ശ്രീമതി | 01.04.2016മുതൽ |

| | | |
|---|---|---|
| | ആമിനാബായി.എ, | 31.03.2017 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | ഉദ്യോഗസ്ഥന്റെ പേര്, വിലാസം | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. മിനി.ജി | 01.04.2016മുതൽ 31.03.2017 വരെ |
| കൃഷി ഓഫീസർ | ശ്രീമതി ശശികല | 01.04.2016മുതൽ 31.03.2017 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (എ-സർക്കിൾ) | ശ്രീ. രാജേഷ് തമ്പി | 01.04.2016മുതൽ 31.03.2017 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ബി-സർക്കിൾ) | ശ്രീ. സീന | 01.04.2016മുതൽ 31.03.2017വരെ |
| ഐ.സി.ഡി. എസ്. സൂപ്പർവൈസർ | ശ്രീമതി ശ്രീകുമാരി | 01.04.2016മുതൽ 31.03.2017വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | ശ്രീ. ഗോഡ്ഫ്രീ പെരേര | 01.04.2016മുതൽ 31.3.2017 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ശ്രീമതി സിമി ദിവാൻ | 01.04.2016മുതൽ 31.03.2017വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ. ജയചന്ദ്രൻ | 01.04.2016മുതൽ 31.03.2017 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി അനുപമ | 01.04.2016മുതൽ 21.08.2016വരെ |
| | ശ്രീ. സന്തോഷ്കുമാർ കെ.വി | 22.08.2016മുതൽ 31.03.2017 വരെ |
| വെറ്ററിനറി സർജൻ | ശ്രീ. ഷെജി | 01.04.2016മുതൽ31.03.2017വരെ |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | ശ്രീമതി അനിത , ശ്രീമതി പ്രവീണ. എസ്.കെ. | 01.04.2016മുതൽ19.12.2016വരെ 20.12.2016 മുതൽ 31.3.2017 വരെ |

| | | |
|---|---|---|
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി ശ്രീത | 01.04.2016മുതൽ31.03.2017വരെ |

ഉള്ളടക്കം



| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം 2 | | |
| 12 | തൊഴിൽ നികുതി ഈടാക്കുമ്പോൾ ആകെ വരുമാനം ഉറപ്പ് വരുത്തുന്നില്ല | 2-1 | |
| 13 | ട്രേഡേഴ്സ് ലിസ്റ്റ്/രജിസ്റ്റർ കാലിക്കമാക്കി സൂക്ഷിക്കുന്നില്ല | 2-2 | |
| 14 | ഗ്രാമപഞ്ചായത്ത് പരിധിയിലെ മുഴുവൻ കച്ചവട സ്ഥാപനങ്ങൾക്കും ലൈസൻസ് (ഡി.ആന്റ്.ഒ.ലൈസൻസ്) നൽകിയിട്ടില്ല | 2-3 | |
| 15 | പരസ്യ നികുതി ഈടാക്കുന്നില്ല | 2-4 | |
| 16 | വസ്തുനികുതി കുടിശ്ശിക – 5924071/- രൂപ | 2-5 | |
| | ഭാഗം 3 | | |
| 17 | അംഗനവാടി കുട്ടികൾക്ക് ടി.എച്ച്.ആർ.മിശ്രിതം (ന്യൂട്രിമിക്സ്) - ഗുണനിലവാരം ഉറപ്പ് വരുത്തുന്നില്ല | 3-1 | |
| 18 | പൊതുടാപ്പുകളുടെ വെള്ളക്കരം -സംയുക്ത പരിശോധന നടത്തിയിട്ടില്ല | 3-2 | |
| 19 | ജാഗ്രതാസമിതികൾ നിർജ്ജീവം | 3-3 | |
| 20 | അങ്കണവാടികളുടെ സൗകര്യങ്ങൾ അപര്യാപ്തം | 3-4 | |

| | | | |
|---|---|---|---|
| 21 | അംഗീകാരം ലഭിച്ച 148 പദ്ധതികളിൽ 57 പദ്ധതികൾ നടപ്പിലാക്കിയില്ല | 3-5 | |
| 22 | പത്രപ്പരസ്യം -അർഹമായ ഡിസ്കൗണ്ട് നേടിയെടുക്കുന്നില്ല | 3-6 | |
| 23 | ആയുർവ്വേദ ആശുപത്രിക്ക് ബിൽ പ്രകാരമുള്ള മുഴുവൻ തുകക്കും മരുന്ന് ലഭ്യമാക്കിയിട്ടില്ല- 125020/-രൂപ തടസ്സപ്പെടുത്തുന്നു. | 3-7 | |
| 24 | മത്സ്യത്തൊഴിലാളികളായ സ്ത്രീകൾക്ക് റിവോൾവിംഗ് ഫണ്ട് - മാർഗനിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. | 3-8 | |
| 25 | പാലിയേറ്റിവ് കെയർ പ്രോജക്ട് നടത്തിപ്പിൽ അപാകത | 3-9 | |
| 26 | ആരോഗ്യ ഇൻഷ്വറൻസ്, പൈക്ക അക്കൗണ്ടുകൾ നിർജ്ജീവം - വിനിയോഗിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. | 3-10 | |
| 27 | വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല | 3-11 | |
| 28 | S0136/17: അങ്കണവാടി കെട്ടിടനിർമ്മാണം തുക കൈമാറൽ - പ്രവൃത്തി നടന്നതായി രേഖയില്ല – ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 3-12 | |
| 29 | തൊഴിലുറപ്പ് പദ്ധതി - അവലോകനം | 3-13 | |
| 30 | പട്ടികജാതി (പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങി നൽകൽ - ഉയർന്ന വിലയ്ക്ക് ലാപ്ടോപ്പ് വാങ്ങി - നഷ്ടം ₹7000/- | 3-14 | |
| 31 | ഇലക്ട്രിക്കൽ സാധനങ്ങൾ വാങ്ങൽ - സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധം. | 3-15 | |
| 32 | വിതരണം ചെയ്ത ഇലക്ട്രിക് സാധനങ്ങൾ പ്രവൃത്തിയ്ക്ക് ഉപയോഗിച്ചില്ല – ചെലവ് രേഖകളുടെ അഭാവത്തിൽ 136150/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 3-16 | |
| | ഭാഗം 4 | | |
| 33 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 34 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 35 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 36 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 37 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |

| | | | |
|---|---|---|---|
| 38 | ഓഡിറ്റ് റിക്കവറി | 4-6 | |
| 39 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 40 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 41 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17സാമ്പത്തിക വർഷത്തെ ബജറ്റ് 4.03.2016 തീയതിയിലെ I(1)-ാംനമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം മുന്നിരിപ്പ് ഉൾപ്പെടെ പ്രതീക്ഷിത വരവ് 258,154,457/- രൂപയും പ്രതീക്ഷിത ചെലവ് 23,40,70,000/- രൂപയും നീക്കിയിരിപ്പ് 2,40,84,457/- രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2017 | 24.07.2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 19.08.2017 – 24.08.2017 | - |

## 1- 4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 46340651 |
| വരവ് | 101271484 |
| ആകെ | 147612135 |
| ചെലവ് | 81257817 |
| നീക്കിയിരിപ്പ് | 66354318 |

സാക്ഷരത അക്കൗണ്ടിൽ മുന്നിരിപ്പും നീക്കിയിരിപ്പുമായി കാണിച്ചിട്ടുള്ള 99/- രൂപ യഥാർത്ഥത്തിൽ നിലവിലുള്ളതല്ല. ടി അക്കൗണ്ട് മുൻവർഷം തന്നെ ക്ലോസ് ചെയ്തിട്ടുള്ളതാണ്.

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം) | 75268 | 24568548 | 24643816 | 24643816 | -- |
| വികസന ഫണ്ട് (എസ്.സി.പി) | -- | 8083531 | -- | 8083531 | -- |
| വികസന ഫണ്ട് (ടി.എസ്.പി) | -- | - | -- | - | -- |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | -- | 1133372 | 1133372 | 1133372 | -- |
| സംരക്ഷണ ഗ്രാന്റ് (നോൺറോഡ്) | -- | 5735468 | 5735468 | 5735468 | -- |
| 13-ാംധനകാര്യ കമ്മീഷൻ ഗ്രാന്റ് | -- | 14101114 | 14101114 | 14101114 | -- |
| പെർഫോമൻസ് ഗ്രാന്റ് (central) | -- | 93738 | 93738 | 93738 | -- |
| എം.എൻ.ആർ. ഇ. ജി.എസ്. | 65 | 1325451 | 1325516 | 1253479 | 72037 |
| ബി ഫണ്ട് | -- | 307560 | 307560 | 307560 | -- |
| തനത് ഫണ്ട് | 16283968 | 28646330 | 44930298 | 16385537 | 28544761 |
| ജനറൽ പർപ്പസ് ഫണ്ട് | 29981350 | 17276372 | 47257722 | 9520202 | 37737520 |
| ആകെ | 46340651 | 101271484 | 147612135 | 81257817 | 66354318 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകളുടേയും നടപ്പാക്കിയ പ്രോജക്ടുകളുടേയും വിവരം ചുവടെ കൊടുത്തിരിക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 148 | 10302000 | 91 | 61099058 | 12 | 45 | 59.3% |

## 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം |
|---|---|---|
| നികുതി വരവുകൾ | | |
| തൊഴിൽ നികുതി | 4101152 | 3914986 |
| കെട്ടിട നികുതി | 4504069 | 6576420 |
| വിനോദ നികുതി | 331110 | 1039782 |
| പരസ്യ നികുതി | 0 | 0 |
| നികുതിയേതര വരവുകൾ | | |
| ലേലം | 625000 | 998250 |
| ഷോപ്പിംഗ് കോംപ്ലക്സ് വാടക | 0 | 0 |

| | | |
|---|---|---|
| ഡി & ഒ ലൈസൻസ് | 87940 | 90300 |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 307560 | 216 |
| കർഷകതൊഴിലാളി പെൻഷൻ | 302110 | 32 |
| വിധവാപെൻഷൻ | 18797240 | 1861 |
| വാർദ്ധക്യകാലപെൻഷൻ | 36563335 | 3512 |
| വികലാംഗപെൻഷൻ | 6956575 | 666 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | - | - |
| 50 വയസിനുമേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 688180 | 64 |
| ആകെ | 63621000 | |

# 1- 9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.08.2017ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി പരിശോധനയിൽ ക്യാഷ് ബാലൻസില്ല.

# 1-10 ആഭ്യന്തര നിയന്ത്രണം.

തനതുവരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ട്രേഡേഴ്സ് രജിസ്റ്ററിലെ മുഴുവൻ പേരേയും ലൈസൻസ് രജിസ്റ്ററിൽ ഉൾപ്പെടുത്തി വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസും തൊഴിൽ നികുതിയും, സ്ഥാപനനികുതിയും നിർണയിച്ച് ഈടാക്കേണ്ടതാണ്. ഓഡിറ്റോറിയങ്ങൾ, ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ തുടങ്ങി പഞ്ചായത്ത് പരിധിയിൽ രജിസ്ട്രേഷനില്ലാതെയും രജിസ്ട്രേഷൻ പുതുക്കാതെയും അനധികൃതമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. തൊഴിൽ നികുതി ഈടാക്കുമ്പോൾ ആകെ അർധവാർഷിക വരുമാനത്തിൽ എല്ലാ വരുമാനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തി തൊഴിൽ നികുതി ഈടാക്കി നികുതിയിനത്തിലെ വരുമാന നഷ്ടം ഒഴിവാക്കേണ്ടതാണ്.

വസ്തുനികുതിയിനത്തിൽ കുടിശ്ശികയായി നിൽക്കുന്ന മുഴുവൻ തുകയും പിരിച്ചെടുക്കുവാൻ റവന്യൂ റിക്കവറി നടപടികൾ ആരംഭിക്കേണ്ടതാണ്. അംഗീകാരം ലഭിക്കുന്ന മുഴുവൻ പ്രോജക്ടുകളും നടപ്പിലാക്കേണ്ടതും

വികസനമേഖലയിലെ പ്രോജക്റ്റുകൾ നടപ്പിലാക്കുന്നതിലെ കാലതാമസം ഒഴിവാക്കേണ്ടതുമാണ്. അംഗനവാടികളുടെ നിലവിലെ ഭൗതിക സാഹചര്യം വിലയിരുത്തി ന്യൂനതകൾ പരിഹരിക്കേണ്ടതാണ്. സാമൂഹ്യ പെൻഷനുകൾക്ക് ലഭിക്കുന്ന അപേക്ഷകൾ റിപ്പോർട്ടിംഗ് ഉദ്യോഗസ്ഥർക്ക് കൈമാറുമ്പോൾ അന്വേഷണ റിപ്പോർട്ടുകൾ കാലതാമസം കൂടാതെ സമയബന്ധിതമായി ലഭ്യമാക്കേണ്ടതാണെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകേണ്ടതാണ്. തൊഴിലുറപ്പ് പദ്ധതിയിൽ ആസ്തികൾ സൃഷ്ടിക്കുന്ന പ്രവർത്തനങ്ങൾക്കും പ്രാധാന്യം നൽകേണ്ടതാണ്. പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ ജനക്ഷേമത്തിന്/സാമൂഹ്യനന്മയ്ക്ക് പ്രാധാന്യം നൽകി നടപ്പിലാക്കേണ്ടതാണ്. പൊതുമരാമത്ത് പ്രവൃത്തികളിൽ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുന്നവർക്ക് ലഭ്യമാക്കാൻ പറ്റുന്ന തൊഴിലവസരങ്ങൾ ഉണ്ടെങ്കിൽ ആയത് അത്തരക്കാർക്ക് ഉറപ്പ് വരുത്തേണ്ടതാണ്.

പദ്ധതി അംഗീകാരം നേടിയതിന് ശേഷം ഏതെങ്കിലും കാരണവശാൽ പദ്ധതി നടത്തിപ്പിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ പദ്ധതി പുതുക്കിയതിന് ശേഷം മാത്രമേ പ്രസ്തുത രീതിയിലുള്ള മാറ്റങ്ങൾ വരുത്തിയ പദ്ധതി നടപ്പിലാക്കാൻ പാടുള്ളൂ.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 5.7.2017 | 2/2017 മുതൽ 6/2017 വരെ | ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29.9.16 മുതൽ 17.10.16 വരെ | 2012-13 മുതൽ 2015-16 വരെ | - |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി ഈടാക്കുമ്പോൾ ആകെ വരുമാനം ഉറപ്പ് വരുത്തുന്നില്ല

1996-ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ ചട്ടം 204(3) പ്രകാരം ഒരാൾക്ക് ഒരു അർധവർഷം വീട്ടുവാടകബത്ത, സി.സി.എ, യാത്രാ അലവൻസ്, യാത്രാ സൗകര്യ അലവൻസ് എന്നിവയൊഴികെ എല്ലാ മാർഗ്ഗങ്ങളിലും കൂടിയുള്ള ആകെ അർധ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് തൊഴിൽ നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടത്.

എന്നാൽ വിവിധ സ്ഥാപനങ്ങൾ സമർപ്പിക്കുന്ന നികുതി പത്രികയിലെ ജീവനക്കാരുടെ ആകെ അർധ വാർഷിക വരുമാനത്തിൽ ആർജിതാവധി പണമാക്കൽ, ബോണസ്സ്/ഉത്സവബത്ത എന്നിവ ഉൾപ്പെടുത്തിക്കാണുന്നില്ല. ആയതിനാൽ സ്ഥാപനങ്ങൾ സമർപ്പിക്കുന്ന നികുതി പത്രികയിൽ പറയുന്ന ആകെ അർധവാർഷിക വരുമാനത്തിൽ പ്രസ്തുത വരുമാനം ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തി ആയതിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി നിർണയിച്ച് ഈടാക്കേണ്ടതാണ്.

## 2-2 ട്രേഡ്സ് ലിസ്റ്റ്/രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല

1998-ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ (റിക്കോർഡുകളുടെ സൂക്ഷിപ്പും പകർപ്പ് നല്കലും) ചട്ടം 3പ്രകാരം ഗ്രാമപഞ്ചായത്ത് അതിന്റെ അധികാര പരിധിയിലുള്ള കച്ചവട സ്ഥാപനങ്ങളെ സംബന്ധിച്ച ട്രേഡേഴ്സ് രജിസ്റ്റർ എഴുതി തയ്യാറാക്കി സൂക്ഷിക്കുന്നില്ല. 23 വാർഡുകളുള്ള പഞ്ചായത്തിൽ 14 മുതലുള്ള വാർഡുകളിലെ ഒരു സ്ഥാപനം പോലും ഇതിൽ രേഖപ്പെടുത്തിയിട്ടില്ല. പഞ്ചായത്ത് മേഖലയിലെ മുഴുവൻ കച്ചവട സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി ട്രേഡേഴ്സ് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്. എങ്കിൽ മാത്രമേ ലൈസൻസ് എടുക്കാതെ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളു.

## 2-3 ഗ്രാമപഞ്ചായത്ത് പരിധിയിലെ മുഴുവൻ കച്ചവട സ്ഥാപനങ്ങൾക്കും ലൈസൻസ് (ഡി.ആന്റ്.ഒ.ലൈസൻസ്) നൽകിയിട്ടില്ല

ഗ്രാമപഞ്ചായത്ത് ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പ്രകാരം പഞ്ചായത്ത് പരിധിയിലുള്ള 245 സ്ഥാപനങ്ങൾക്ക് മാത്രമാണ് 2016-17സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്ത് ലൈസൻസ് നൽകിയിട്ടുള്ളത്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയറിലെ കണക്കുകൾ പ്രകാരം 1505വാണിജ്യ വ്യവസായ ഗണത്തിൽപ്പെട്ട സ്ഥാപനങ്ങൾ നിലവിലുണ്ട്. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുവാൻ നടപടി സ്വീകരിക്കുന്നതാണെന്ന് പ്രസ്തുത വിഷയത്തിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള 21.08.2017-ലെ 7- ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് അധികൃതർ മറുപടി ലഭ്യമാക്കിയിട്ടില്ല. തനതുവരുമാനത്തിന് ഭീമമായ തുകയുടെ നഷ്ടമുണ്ടാക്കുന്ന വിധം പഞ്ചായത്ത് പരിധിയിൽ അനധികൃതമായി പ്രവർത്തിച്ചു വരുന്ന ഇത്തരം സ്ഥാപനങ്ങൾക്കെതിരെ നിയമപരമായ നടപടികൾ സ്വീകരിച്ച് ലൈസൻസ് നൽകേണ്ടതാണ്. കൂടാതെ ലൈസൻസിനായി അപേക്ഷിക്കുന്ന മിക്ക സ്ഥാപനങ്ങളും സ്ഥാപനത്തിന്റെ വിറ്റുവരവ്, തീയതി തുടങ്ങിയ വിവരങ്ങൾ അപേക്ഷയിൽ വ്യക്തമാക്കാതെയാണ് ലൈസൻസിനായി അപേക്ഷിക്കുന്നത്. ഭാവിയിൽ ലൈസൻസ് നൽകുമ്പോൾ വിറ്റുവരവ് വിവരം ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തി മാത്രം ലൈസൻസ് നൽകേണ്ടതാണ്. വൈകി അപേക്ഷിക്കുന്നവരിൽ നിന്ന് പിഴ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-4 പരസ്യ നികുതി ഈടാക്കുന്നില്ല

1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 209-ാംവകുപ്പ് പ്രകാരം പരസ്യ നികുതി ഈടാക്കാവുന്നതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.9/21.8.17) പരസ്യ നികുതി ഈടാക്കുന്നതിന് പരസ്യ നികുതി ബൈല അംഗീകരിക്കേണ്ടതായുണ്ടെന്നും ആയത് പ്രകാരം നടപടി സ്വീകരിക്കുന്നതിനായി 11.08.17 ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം കൈക്കൊണ്ടിട്ടുണ്ടെന്നും തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. പരസ്യ നികുതി ഈടാക്കാത്തത് മൂലം പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട് ആയതിനാൽ തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-5 വസ്തുനികുതി കുടിശ്ശിക – 5924071/- രൂപ

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 203പ്രകാരം ഗ്രാമപഞ്ചായത്ത് കെട്ടിടങ്ങൾക്ക് നിർണയിക്കുന്ന വസ്തുനികുതി തുടർന്നുള്ള വർഷങ്ങളിൽ കുടിശ്ശികയില്ലാതെ പിരിച്ചെടുക്കുന്നില്ല. വസ്തുനികുതിയുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് ഓഡിറ്റിന് ഹാജരാക്കിയ ഡി.സി.ബി.പത്രിക, വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ 2016-17സാമ്പത്തിക വർഷം അരിയറും കറന്റും ഉൾപ്പെടെ 5924071/-രൂപ വസ്തുനികുതിയിനത്തിൽ ഗ്രാമപഞ്ചായത്തിന് പിരിഞ്ഞ് കിട്ടുവാനുണ്ട്. പഞ്ചായത്തിന്റെ തനതു വരുമാനമായ വസ്തുനികുതി

പിരിച്ചെടുക്കാൻ ഗ്രാമപഞ്ചായത്ത് ഫലപ്രദമായ നടപടികൾ സ്വീകരിച്ചിരുന്നുവെങ്കിൽ ഇത്രയും വലിയൊരു തുക വസ്തുനികുതിയിനത്തിൽ കുടിശ്ശിക വരുമായിരുന്നില്ല. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 243പ്രകാരം പ്രസ്തുത തുക പിരിച്ചെടുക്കാതിരുന്നാൽ ഗ്രാമപഞ്ചായത്തിന് ടി തുക നഷ്ടപ്പെടുന്നതാണ്. വസ്തുനികുതിയുടെ അരിയറും കറന്റും ഉൾപ്പെടെയുള്ള വർഷം തിരിച്ചുള്ള കുടിശ്ശിക നിർണയിച്ച് റവന്യൂ റിക്കവറി നടപടികളിലൂടെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്ക് വരുത്തേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 അംഗനവാടി കുട്ടികൾക്ക് ടി.എച്ച്.ആർ.മിശ്രിതം (ന്യൂട്രിമിക്സ്) - ഗുണനിലവാരം ഉറപ്പ് വരുത്തുന്നില്ല

അംഗനവാടി കുട്ടികൾക്ക് നൽകുന്ന ന്യൂട്രിമിക്സ് സാമ്പിളുകൾ ഓരോ രണ്ട് മാസത്തിലെരിക്കൽ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനക്ക് വിധേയമാക്കി ഗുണനിലവാരം ഉറപ്പ് വരുത്തണമെന്നും പരിശോധന നടത്തി ലഭിക്കുന്ന ലാബ് റിപ്പോർട്ടിൽ ന്യൂട്രിമിക്സിന് ഗുണനിലവാരമില്ലെങ്കിൽ ആയതു വാങ്ങിയതിനുള്ള വില ന്യൂട്രിമിക്സ് നൽകിയ സ്ഥാപനങ്ങൾക്ക് നൽകേണ്ടതില്ലെന്നും സാമൂഹ്യക്ഷേമ ഡയറക്ടറുടെ 18/12/2010ലെ ഐ.സി.ഡി.എസ്/ബി-3/312 നമ്പർ കത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്.എന്നാൽ പ്രസ്തുത നിർദ്ദേശം പാലിക്കാതെയാണ് അംഗനവാടി കുട്ടികൾക്ക് ന്യൂട്രിമിക്സ് വാങ്ങിയിട്ടുള്ളത്. ഭാവിയിൽ ഇത്തരം വീഴ്ചകളുണ്ടാകാതെ സാമൂഹ്യക്ഷേമ ഡയറക്ടറുടെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുവാൻ അധികൃതർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-2 പൊതുടാപ്പുകളുടെ വെള്ളക്കരം - സംയുക്ത പരിശോധന നടത്തിയിട്ടില്ല

ഗ്രാമപഞ്ചായത്തിൽ പൊതുടാപ്പുകളുടെ വെള്ളക്കരമായി പ്രതിമാസം 2,00,375/-രൂപ അടച്ചു വരുന്നു. ആകെ 462 ടാപ്പുകൾക്കാണ് പ്രസ്തുത തുക അടവാക്കുന്നത്. നിലവിൽ പൊതുടാപ്പുകൾക്ക് മീറ്റർ സ്ഥാപിച്ചിട്ടില്ല. കേരള വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടപ്പിലാക്കിയതിന്റെ വിശദാംശങ്ങൾ ആവശ്യപ്പെട്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് (നം.13/21.08.17) തൃപ്തികരമായ മറുപടി ലഭ്യമാക്കിയിട്ടില്ല

## 3-3 ജാഗ്രതാസമിതികൾ നിർജ്ജീവം

1994 ലെ കേരള പഞ്ചായത്തി രാജ് ആക്ട് 164എ(5) വകുപ്പ് പ്രകാരം വാർഡ്തല ജാഗ്രതാ സമിതിയുടേയും ഗ്രാമപഞ്ചായത്ത് തല ജാഗ്രതാ സമിതിയുടേയും യോഗങ്ങൾ എല്ലാ മാസവും കുറഞ്ഞത് ഒരു തവണയെങ്കിലും വിളിച്ചുകൂട്ടേണ്ടതും രണ്ട് യോഗങ്ങൾ തമ്മിലുള്ള ഇടവേള 30 ദിവസത്തിൽ അധികരിക്കാൻ പാടില്ലാത്തതുമാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 2/19.8.2017 ന് ലഭ്യമാക്കിയ മറുപടി പ്രകാരം 2016-17ൽ ഗ്രാമപഞ്ചായത്ത് തല ജാഗ്രതാ സമിതി യോഗം കൂടിയിട്ടില്ല. കൂടാതെ 23 വാർഡുകൾ ഈ പഞ്ചായത്തിൽ ഉണ്ടെങ്കിലും 12 വാർഡ് തല ജാഗ്രതാ സമിതി യോഗങ്ങൾ മാത്രമേ 2016-17ൽ കൂടിയിട്ടുള്ളൂ. നിയമം അനുശാസിക്കും പ്രകാരം വാർഡ്തല, ഗ്രാമപഞ്ചായത്ത് തല ജാഗ്രതാ സമിതിയോഗങ്ങൾ ചേരുന്നതിനാവശ്യമായ സത്വര നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 3-4 അങ്കണവാടികളുടെ സൗകര്യങ്ങൾ അപര്യാപ്തം

ഈ ഗ്രാമപഞ്ചായത്തിൽ ജനസംഖ്യക്കാനുപാതികമായി 56 അങ്കണവാടികൾ വേണമെങ്കിലും 49 എണ്ണമാണ് പ്രവർത്തിക്കുന്നത്. അവയിൽ തന്നെ ഭൂരിഭാഗം അങ്കണവാടികളിലും ഭൗതികസൗകര്യങ്ങൾ

അപര്യാപ്തമാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ശുദ്ധജലമില്ലാത്തവ – 9 അങ്കണവാടികൾ
2. വൈദ്യുതിയില്ലാത്തവ - 2 അങ്കണവാടികൾ
3. ചുറ്റുമതിലില്ലാത്തവ – 6 അങ്കണവാടികൾ
4. സ്വന്തമായി സ്ഥലമുണ്ടായിട്ടും കെട്ടിടമില്ലാത്തവ – 3
5. സ്വന്തമായി കെട്ടിടമില്ലാത്തവ – 29
6. സ്വന്തമായി സ്ഥലമില്ലാത്തവ – 26

30 അങ്കണവാടികൾ വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്നതിൽ 27 എണ്ണത്തിലും വകുപ്പ് നൽകുന്ന ₹750/-ൽ കവിഞ്ഞുള്ള തുക ജീവനക്കാർ കൈയ്യിൽ നിന്നും അടക്കുന്നതായി ഓഡിറ്റ് എൻക്വയറി നം.3/19.8.2017-ക്കുള്ള മറുപടിയിൽ ലഭ്യമാക്കിയിട്ടുണ്ട്. വാടകകെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾക്ക് എ.ഇയുടെ വാല്യൂവേഷൻ അനുസരിച്ചുള്ള വാടകമാത്രമാണ് നല്കേണ്ടത്. വകുപ്പ് നൽകുന്നതിൽ കവിഞ്ഞ വാടക കൊടുക്കേണ്ടിവരുന്നുണ്ടെങ്കിൽ ആയത് പഞ്ചായത്ത് വഹിക്കേണ്ടതാണ്. അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുവാനുള്ള ഊർജ്ജിതമായുള്ള പ്രവർത്തനം പഞ്ചായത്ത് നടത്തേണ്ടതാണ്.

## 3-5 അംഗീകാരം ലഭിച്ച 148 പദ്ധതികളിൽ 57 പദ്ധതികൾ നടപ്പിലാക്കിയില്ല

2016-17സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് 148 പദ്ധതികൾ ആസൂത്രണം ചെയ്ത് അംഗീകാരം വാങ്ങിയെങ്കിലും 91 പദ്ധതികൾ മാത്രമാണ് നടപ്പിലാക്കിയത്.

119466312/- രൂപ അടങ്കലിൽ തയ്യാറാക്കിയ 148 പദ്ധതികളിൽ നടപ്പിലാക്കിയ 91 പദ്ധതികൾക്ക് ചെലവ് ചെയ്തത് 61099058/- രൂപ മാത്രമാണ്. അതായത് പദ്ധതി അടങ്കലായി വകയിരുത്തിയതിന്റെ 51% മാത്രമാണ് ചെലവ് ചെയ്തത്. പദ്ധതി നടത്തിയതിന്റെ മേഖല തിരിച്ചുള്ള വിവരണമാണ് ചുവടെ കൊടുത്തിരിക്കുന്നത്.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥർ | അംഗീകാരം ലഭിച്ച പദ്ധതികൾ | നടപ്പിലാക്കിയ പദ്ധതികൾ | നിർവ്വഹിക്കാത്തവ | ചെലവഴിച്ച തുക |
|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 4 | 3 | 1 | 549200 |
| 2 | വെറ്ററിനറി സർജൻ | 4 | 3 | 1 | 1076800 |
| 3 | മെഡിക്കൽ ഓഫീസർ | 3 | 3 | - | 1367832 |
| 4 | മെഡി.ഓ. ആയുർവേദം | 4 | 4 | - | 1325304 |
| 5 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 4 | 4 | - | 2424000 |
| 6 | വി.ഇ.ഒ- എ&ബി സർക്കിൾ | 13 | 13 | - | 19391300 |
| 7 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 3 | 3 | - | 6421299 |

| | | | | | |
|---|---|---|---|---|---|
| 8 | ഗ്രാമ പഞ്ചായത്ത് സെക്രട്ടറി | 28 | 20 | 8 | 10065309 |
| 9 | ഹെഡ്മാസ്റ്റർ | 3 | 1 | 2 | 719260 |
| 10 | ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | - | 2065626 |
| 11 | അസി.എഞ്ചിനീയർ | 69 | 26 | 43 | 9264933 |
| 12 | അസി.സെക്രട്ടറി | 11 | 9 | 2 | 6428195 |
| | | | | | **61099058** |

പദ്ധതി വിലയിരുത്തൽ

ആസൂത്രണം ചെയ്ത് അംഗീകാരം വാങ്ങിയ പദ്ധതികൾ മുഴുവൻ നടപ്പാക്കാത്തതിലൂടെ ഉല്പാദന, സേവന, പശ്ചാത്തല മേഖലകളിലുണ്ടായ ഏറ്റക്കുറച്ചിലുകളാണ് ചുവടെ കൊടുത്തിരിക്കുന്നത്.

**1)** ഉൽപാദനം - കാർഷിക മേഖല (നിർവ്വഹണം - കൃഷിഓഫീസർ)

കാർഷിക മേഖലയിൽ പ്രവൃത്തിയെടുക്കുന്ന നിരവധിയാളുകളെ ഉൾക്കൊള്ളുന്നതും കാർഷിക പ്രവർത്തനങ്ങൾക്ക് അനുയോജ്യമായ കൃഷിഭൂമിയെ ഉൾക്കൊള്ളുന്നതുമായ ഗ്രാമപഞ്ചായത്ത് ഉൽപാദനമേഖലയായ കാർഷിക മേഖലക്ക് ആകെ പദ്ധതികൾ തയ്യാറാക്കി 889850 /-രൂപയാണ് നീക്കിവെച്ചത്. എന്നാൽ പ്രസ്തുത പദ്ധതികൾക്ക് ചെലവ് ചെയ്തത് 549200 /-രൂപയാണ്. കൂടാതെ നടപ്പിലാക്കിയ പദ്ധതികളിൽ 1എണ്ണം സ്പിൽ ഓവർ പ്രോജക്ടാണ്. പുതുതായി ആസൂത്രണം ചെയ്തത് 3 പദ്ധതികൾ മാത്രം. ഇത് പദ്ധതി ആസൂത്രണത്തിലെ പോരായ്മയായി ഓഡിറ്റ് വിലയിരുത്തുന്നു. (ഭാവിയിൽ പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ ഉൽപാദന മേഖലയായ കാർഷിക മേഖലയുടെ സമഗ്ര വികസനവും പുരോഗതിയും ലക്ഷ്യമാക്കി പദ്ധതികൾ ആസൂത്രണം ചെയ്യുവാനും അതിലൂടെ കർഷകരുടെ ക്ഷേമവും കാർഷിക മേഖലയുടെ സ്വയം പര്യാപ്തതയും ഉറപ്പ് വരുത്തുവാനും അധികൃതർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.)

**2)** ഉൽപാദനം - മൃഗസംരക്ഷണം, ക്ഷീരവികസനം (നിർവ്വഹണം - വെറ്ററിനറി സർജൻ)

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതിയാസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും (2012-17) സംബന്ധിച്ച മാർഗ്ഗരേഖയിൽ പറയുന്ന പ്രകാരം 2016-17സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായുള്ള മൃഗസംരക്ഷണം - ക്ഷീരവികസനം മേഖലക്ക് മതിയായ പ്രാധാന്യം നൽകിയിട്ടില്ല. മൃഗ-പക്ഷി സമ്പത്ത്, പാൽ, മുട്ട, മാംസം എന്നിവ വർദ്ധിപ്പിക്കുക എന്നതായിരിക്കണം ലക്ഷ്യമെന്ന് പ്രസ്തുത മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ പദ്ധതികൾക്ക് 2150000 /-രൂപ അടങ്കലായി നിശ്ചയിച്ചുവെങ്കിലും വെറും 1076800 /-രൂപാ മാത്രമാണ് പ്രസ്തുത മേഖലയിൽ ചെലവ് ചെയ്തിട്ടുള്ളത്. മൃഗപരിപാലന മേഖലയിൽ പണിയെടുക്കുന്ന നിരവധിയാളുകളെ ഉൾക്കൊള്ളുന്ന ഒരു പഞ്ചായത്തിൽ ഇത്തരത്തിൽ നാമമാത്രമായ തുക ചെലവ് ചെയ്തത് അധികൃതരുടെ പദ്ധതി ആസൂത്രണത്തിലെ പോരായ്മയാണ്.

**3)** സേവനമേഖല (നിർവ്വഹണം - വി.ഇ.ഒ)

വി.ഇ.ഒ. നിർവ്വഹണോദ്യോഗസ്ഥനായി 2,63,23,200/-രൂപ അടങ്കലിൽ പദ്ധതികൾ തയ്യാറാക്കിയെങ്കിലും 1,93,91,300/-രൂപ ചെലവ് ചെയ്ത് പദ്ധതികൾ മാത്രമാണ് ഈ മേഖലയിൽ നടപ്പിലാക്കിയത്. ഇതിൽ 6 പദ്ധതികൾ സ്പിൽ ഓവർ പദ്ധതികളാണ്. അതായത് പ്രസ്തുത സാമ്പത്തിക വർഷം 7 പ്രോജക്ടുകൾ മാത്രമാണ് പുതുതായി ആസൂത്രണം ചെയ്ത് നടപ്പിലാക്കിയത്. വസ്തു വാങ്ങൽ, ഭവനനിർമ്മാണം എന്നിവക്കുള്ള ധനസഹായം, ശുദ്ധജല സംരക്ഷണവുമായി ബന്ധപ്പെട്ട കിണർ നിർമ്മാണം, പ്രധാൻമന്ത്രി ആവാസ് യോജന (പദ്ധതി തയ്യാറാക്കിയിട്ടുണ്ട്) തുടങ്ങിയ സേവന മേഖലക്ക് ഗ്രാമപഞ്ചായത്ത് അർഹിക്കുന്ന പ്രാധാന്യം നൽകിയിട്ടില്ല.

**4)** പശ്ചാത്തലമേഖല (നിർവ്വഹണം - അസി.എഞ്ചിനീയർ)

അസി.എഞ്ചിനീയർ ത.സ്വ.ഭ.വ. നിർവ്വഹണോദ്യോഗസ്ഥനായി 4,64,48,929/-രൂപ അടങ്കലിൽ 69 പ്രോജക്ടുകൾക്ക് അംഗീകാരം വാങ്ങിയെങ്കിലും 92,64,933/-രൂപ ചെലവ് ചെയ്ത് 26 പ്രോജക്ടുകൾ മാത്രമാണ് ഗ്രാമപഞ്ചായത്ത് പശ്ചാത്തലമേഖലയിൽ നടപ്പിലാക്കിയത്.

ഇതിൽ 15 എണ്ണം സ്പിൽ ഓവർ പ്രോജക്ടുകളാണ്. വെറും 48 പ്രോജക്ടുകൾ മാത്രമാണ് 2016-17സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് പുതിയ പദ്ധതികളായി ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുള്ളത്. ഇത്തരത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് അടങ്കൽ തുക നിശ്ചയിച്ച് അംഗീകാരം വാങ്ങിയതിന് ശേഷം പദ്ധതികൾ നടപ്പിലാക്കാതിരിക്കുന്നത് വികസനപ്രവർത്തനങ്ങളോടുള്ള അധികൃതരുടെ നിരുത്തരവാദപരമായ സമീപനങ്ങളെയാണ് ചൂണ്ടിക്കാണിക്കുന്നത്. ഇത്തരം സമീപനങ്ങൾ സാമൂഹ്യപുരോഗതിയെ ഗുരുതരമായാണ് ബാധിക്കുന്നത്.

മേൽ ക്രമനമ്പർ 1മുതൽ 4വരെ പറഞ്ഞിട്ടുള്ള പദ്ധതി വിലയിരുത്തൽ അധികൃതർ പ്രത്യേകം ശ്രദ്ധിക്കേണ്ടതും ഭരണസമിതിയിൽ ചർച്ചക്ക് വിധേയമാക്കേണ്ടതുമാണ്. ഭാവിയിൽ ഇത്തരം പദ്ധതി നിർവ്വഹണ വിരുദ്ധ സമീപനങ്ങളുണ്ടാകാതെ ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് പദ്ധതികൾ ആസൂത്രണം ചെയ്ത് തുക വകയിരുത്തുവാനും അംഗീകാരം ലഭിക്കുന്ന മുറക്ക് ആസൂത്രണം ചെയ്യുന്ന മുഴുവൻ പദ്ധതികളും സമയബന്ധിതമായി പൂർത്തിയാക്കി പദ്ധതി ലക്ഷ്യം കൈവരിക്കുവാനും അധികൃതർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിൽ മേൽ ചൂണ്ടിക്കാണിച്ച അപാകങ്ങൾ ആവർത്തിക്കാതെ ഇരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-6 പത്രപ്പരസ്യം -അർഹമായ ഡിസ്കൗണ്ട് നേടിയെടുക്കുന്നില്ല

ഇൻഫർമേഷൻ & പബ്ളിക് റിലേഷൻ വകുപ്പിന്റെ 22.1.13-ലെ ജി.ഒ(പി)1/13/I &PRD നമ്പർ ഉത്തരവ്, 10.9.2014-ലെ ജി.ഒ(ആർ.ടി)288/14/I&PRDനം ഉത്തരവ് എന്നിവ പ്രകാരം വകുപ്പ് മുഖേനയോ നേരിട്ടോ മലയാള ദിനപ്പത്രങ്ങളിൽ അച്ചടിയ്ക്കായി നൽകുന്ന പരസ്യങ്ങൾക്ക് 15% ഡിസ്കൗണ്ട് അനുവദിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ ഈ ആനുകൂല്യം പ്രയോജനപ്പെടുത്തിയില്ല. ഉദാഹരണം താഴെക്കൊടുക്കുന്നു.

| പരസ്യം നൽകിയ പത്രം | പരസ്യത്തിന്റെ വലിപ്പം($cm^2$), നിരക്ക്/$cm^2$, തീയതി | നൽകിയ തുക | ചെക്ക് /ബിൽ നം തീയതി | ഡിസ്കൗണ്ട് നേടാത്തത് മൂലം നഷ്ടമായ തുക |
|---|---|---|---|---|
| കേരള കൗമുദി | 19 $cm^2$, , ₹300/ $cm^2$ , 8.12.2016 | 5700 | ഡി.ഡി.387759 തീ. 7.2.2017 | 2961 |
| കേരള കൗമുദി | 19 $cm^2$, , ₹300/ $cm^2$ , 2.12.2016 | 5700 | | |
| കേരള കൗമുദി | 19 $cm^2$, , ₹300/ $cm^2$ , 3.12.2016 | 5700 | | |
| ദേശാഭിമാനി | 3x2, , ₹110/ $cm^2$ | 2640 | | |

| | | | | |
|---|---|---|---|---|
| | , 3.12.2016 | | | |
| | | **19740** | | |

ഇത്തരത്തിലുള്ള കെടുകാര്യസ്ഥത മൂലം അധികച്ചെലവുണ്ടാകുന്നത് ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 3-7 ആയുർവ്വേദ ആശുപത്രിക്ക് ബിൽ പ്രകാരമുള്ള മുഴുവൻ തുകക്കും മരുന്ന് ലഭ്യമാക്കിയിട്ടില്ല- 125020/-രൂപ തടസ്സപ്പെടുത്തുന്നു.

| | | | |
|---|---|---|---|
| 1. | പ്രോജക്റ്റ് നം. | - | S0070/17 |
| | പ്രോജക്റ്റ് പേര് | - | ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - ജനറൽ |
| | പ്രോജക്റ്റ അടങ്കൽ | - | 600000/- (മെയിന്റനൻസ് ഫണ്ട്-റോഡിതരം) |
| | പ്രോജക്റ്റ് ,ചെലവ് | - | 600000/- |
| | നിർവ്വഹണോദ്യോഗസ്ഥൻ | | - മെഡിക്കൽ ഓഫീസർ (ആയുർവേദം) |
| | ബിൽ നം. | | - GP-1/2016-17 dtd. 27.01.17 |
| | | | |
| 2. | പ്രോജക്റ്റ് നം | - | S0071/17 |
| | പ്രോജക്റ്റ് പേര് | - | ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - ഇമ്മ്യൂണിറ്റി |
| | പ്രോജക്റ്റ അടങ്കൽ | - | 400000/-(മെയിന്റനൻസ് ഫണ്ട്-റോഡിതരം) |
| | പ്രോജക്റ്റ് ,ചെലവ് | - | 400000/- |
| | നിർവ്വഹണോദ്യോഗസ്ഥൻ | - | മെഡിക്കൽ ഓഫീസർ (ആയുർവേദം) |
| | ബിൽ നം. | | GP-2/2016-17 dtd 27.1.2017 |
| | | | |
| 3. | പ്രോജക്റ്റ് നം. | - | SOO93/17 |
| | പ്രോജക്റ്റ് പേര് | - | ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - ജീവിത ശൈലി |
| | പ്രോജക്റ്റ അടങ്കൽ | - | 200000/- (മെയിന്റനൻസ് ഫണ്ട്-റോഡിതരം) |
| | പ്രോജക്റ്റ് ,ചെലവ് | - | 200000/- |
| | നിർവ്വഹണോദ്യോഗസ്ഥൻ | - | മെഡിക്കൽ ഓഫീസർ (ആയുർവേദം) |
| | ബിൽ നം. | | - GP-3/2016-17 dtd. 27.01.17 |

ഗ്രാമപഞ്ചായത്തിന് കീഴിലുള്ള ആയുർവ്വേദ ആശുപത്രികൾക്ക് മരുന്ന് ലഭ്യമാക്കുവാൻ 2016-17വർഷം ട്രഷറിയിൽ നിന്നും 1200000/-രൂപ ഔഷധി ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ, തൃശ്ശൂർ എന്ന സ്ഥാപനത്തിന് നല്കിയതിൽ നാളിതുവരെയായി 1074980/-രൂപയുടെ മരുന്ന് മാത്രമാണ് ആശുപത്രിക്ക് ലഭിച്ചിട്ടുള്ളത്. 1,25,020/-രൂപയുടെ മരുന്ന് ഔഷധിയിൽനിന്നും ആശുപത്രിക്ക് ഇനിയും ലഭിക്കുവാനുണ്ട്. പ്രസ്തുത വിഷയം സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 8/19.08.17ന് ലഭ്യമാക്കിയ മറുപടിയിൽ ഈ വിഷയം പലതവണ ഔഷധിയുടെ ശ്രദ്ധയിൽ പെടുത്തിയിട്ടും മരുന്ന് ലഭ്യമക്കിയിട്ടില്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ ലഭിക്കാനുള്ള മരുന്നിന്റെ വിലയായ 1,25,020/-രൂപ ഓഡിറ്റിൽ

തടസ്സപ്പെടുത്തുന്നു. ടി തുകയുടെ മരുന്ന് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-8 മത്സ്യത്തൊഴിലാളികളായ സ്ത്രീകൾക്ക് റിവോൾവിംഗ് ഫണ്ട് - മാർഗനിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

| | | |
|---|---|---|
| പ്രോജക്ട് നം. | : | S0094/17 |
| ബിൽ നം. | : | 4/29.3.17 |
| പ്രോജക്ട് അടങ്കൽ | : | ₹6,00,000/- |
| ചെലവ് | : | ₹567000/- |
| നിർവ്വഹണോദ്യോഗസ്ഥ | : | ഫിഷറീസ് സബ്-ഇൻസ്പെക്ടർ |

പ്രസ്തുത പദ്ധതി മുഖേന പഞ്ചായത്തിലെ സഹകരണ സംഘങ്ങളിലെ അംഗങ്ങളായ 189 വനിതാ മത്സ്യത്തൊഴിലാളികൾക്ക് ₹ 3000/- വീതം റിവോൾവിംഗ് ഫണ്ടായി നൽകിയിട്ടുണ്ട്. ഗുണഭോക്താക്കാൾ തുക ഉപയോഗിച്ച് മത്സ്യവിപണനം നടത്തി നിശ്ചിത തുക വീതം തിരികെ ഒടുക്കുകയും അങ്ങനെ ഒടുക്ക വരുത്തുന്ന തുക സഹകരണ സംഘങ്ങൾ മറ്റംഗങ്ങൾക്ക് നൽകുകയും ചെയ്ത് എല്ലാ അംഗങ്ങൾക്കും തൊഴിലിനുള്ള സൗകര്യം മെച്ചപ്പെടുത്തുക എന്നതാണ് റിവോൾവിംഗ് ഫണ്ടിന്റെ ഉദ്ദേശ്യം. എന്നാൽ കഠിനംകുളം പഞ്ചായത്തിൽ ഈ പദ്ധതിയുടെ ഗുണഭോക്താക്കളാരും നാളിതുവരെ തുകയൊന്നും തിരിച്ചടച്ചിട്ടുള്ളതായി കാണുന്നില്ല.

തുക വിതരണം ചെയ്തതൊഴിച്ച് മോണിറ്ററിംഗ് പ്രവർത്തനങ്ങളും നടന്നിട്ടില്ല. ഗുണഭോക്താക്കൾക്ക് ലഭിച്ച തുക മത്സ്യ വിപണനത്തിനുതകും വിധം ഉപയോഗിച്ചിട്ടുണ്ടോ എന്നന്വേഷിക്കാനോ അവരെക്കൊണ്ട് തവണകൾ തിരികെ ഒടുക്ക് വരുത്തുവാനോ മോണിറ്ററിംഗ് കമ്മിറ്റിയോ നിർവ്വഹണോദ്യോഗസ്ഥനോ ശ്രദ്ധ ചെലുത്തിയിട്ടില്ല. ഭാവിയിൽ റിവോൾവിംഗ് ഫണ്ട് നൽകുമ്പോൾ ഇത്തരത്തിൽ വ്യക്തികൾക്കുള്ള ധനസഹായം മാത്രമാകാതെ സർക്കാർ മാർഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 3-9 പാലിയേറ്റിവ് കെയർ പ്രോജക്ട് നടത്തിപ്പിൽ അപാകത

₹ 1276932/- അടങ്കൽ തുകയുള്ള പ്രോജക്ട് നം. S0096/17 പാലിയേറ്റിവ് കെയർ എന്ന പദ്ധതിക്ക് മരുന്ന് വാങ്ങാൻ ബിൽ നം. CB No.2/2016-17 തീയതി 9.3.17, ബിൽ നം. CB No.ന്ന/2016-17 തീയതി 21.3.17 എന്നിവ പ്രകാരം ₹715712/- SAT ഇൻ ഹൗസ് ഡ്രഗ് ഹൗസിന് നൽകിയിട്ടുണ്ട് . എന്നാൽ 31.03.17 ലെ കണക്ക് പ്രകാരം ₹23470/- ന്റെ മരുന്ന് മാത്രമേ ലഭ്യമായിട്ടുള്ളൂ. ബാക്കി മരുന്ന് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. ബിൽ നം. CB No.2/2016-17 തീയതി 9.3.17 പ്രകാരം ₹40000/- ഔഷധിക്ക് കൈമാറിയിട്ടുണ്ടെങ്കിലും ആയതിന്റെ കൈപ്പറ്റ് രസീതോ മരുന്നോ ലഭ്യമായിട്ടില്ല. ആയതിന്റെ കൈപ്പറ്റ് രസീതും മരുന്നും സമയബന്ധിതമായി ലഭ്യമാക്കേണ്ടതാണ്. വണ്ടിവാടക, ഭക്ഷണം, പാലിയേറ്റിവ് കെയർ നഴ്സിന്റെ ശമ്പളം ആദിയായവയുടെ ചെലവുകൾ 2016-17ൽ നടന്നിരുന്നില്ല. ആയതിനാൽ പ്രസ്തുത തുകകൾ മേൽ പ്രസ്താവിച്ച ബിൽ പ്രകാരം മാറി ഗുണഭോക്താക്കൾക്ക് കൈമാറുകയും ആയത് തിരികെ വാങ്ങി പാലിയേറ്റിവ് കെയറിന്റെ എസ്.ബി. അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചെയ്തു. ഇതിൽ നിന്ന് 2017-18 വർഷം ചെലവ് ചെയ്തു വരുന്നു. ഈ നടപടി നിലവിലുള്ള ചട്ടങ്ങൾക്ക് വിരുദ്ധമാണ്. ആയതിനാൽ 01.04.17 മുതൽ നാളിതുവരെയുള്ള ചെലവുകൾക്ക് സർക്കാരിൽ നിന്നും സാധൂകരണം വാങ്ങേണ്ടതാണ്. ചെലവാക്കാൻ അവശേഷിക്കുന്ന തുക എത്രയും വേഗം 3604 ശീർഷകത്തിൽ

കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരികെ ഒടുക്കേണ്ടതാണ്. 2017-18 ലെ ചെലവുകൾ ഇക്കൊല്ലത്തെ പദ്ധതി പ്രകാരം നടപ്പിലാക്കേണ്ടതാണ്

## 3-10 ആരോഗ്യ ഇൻഷ്വറൻസ്, പൈക്ക അക്കൗണ്ടുകൾ നിർജ്ജീവം വിനിയോഗിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനായി പഞ്ചായത്തിലെ BPL കുടുംബങ്ങളിൽ നിന്ന് ₹ 33/- വീതവും APL കുടുംബങ്ങളിൽ നിന്ന് ₹450/- വീതവും പിരിച്ചെടുത്തതും തത്തുല്യമായ പഞ്ചായത്തുവിഹിതവും ചേർന്ന തുകയാണ് പ്രസ്തുത പദ്ധതി പ്രാവർത്തികമാക്കാത്തതിനാൽ സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിൽ 29.03.17 മുതൽ നിക്ഷേപിച്ചിട്ടുള്ളത്. 2005-06 കാലയളവിൽ പിരിച്ചെടുത്ത ടി തുക (നിലവിൽ ₹618807/-) ഗുണഭോക്താക്കളെ കണ്ടെത്തി തിരികെ നൽകുക പ്രായോഗികമല്ലാത്തതിനാൽ ആയത് തനതുഫണ്ടായി മാറ്റുന്നതിന് സർക്കാരിനോട് 19.02.17ലെ ജനറൽ കമ്മിറ്റി അപേക്ഷിച്ചിട്ടുണ്ട്.

കായികരംഗത്ത് യുവജനങ്ങൾക്ക് കൂടുതൽ പ്രോത്സാഹനം നൽകുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് പൈക്ക. ₹71,127/- ടി അക്കൗണ്ടിൽ നിലവിൽ ശേഷിക്കുന്നു. 06.08.10 ൽ ആരംഭിച്ച പ്രസ്തുത അക്കൗണ്ടിൽ നിന്നും യാതൊരു ഇടപാടുകളും നടക്കുന്നില്ല.

നിർജ്ജീവമായിക്കിടക്കുന്ന അക്കൗണ്ടുകളിലെ തുകകൾ ജനോപകാരപ്രദമായ തരത്തിൽ വിനിയോഗിക്കുന്നതിന് ഭരണസമിതി ഉചിതമായ തീരുമാനം കൈക്കൊള്ളേണ്ടതാണ്.

## 3-11 വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല-1163292/- രൂപ ചെലവ് തടസ്സപ്പെടുത്തുന്നു

1. S0151/17 : 64,66,69,71,77,85,106 നം. അങ്കണവാടികൾക്കുള്ള കുടിവെള്ള കണക്ഷൻ. ബിൽ നം. 22/17.3.17 - ₹82,000/-. തുക എക്സി. എഞ്ചിനിയർ, കെ.ഡബ്ല്യു.എ, ആറ്റിങ്ങൽ - ന് കൈമാറി (A/c transfer). വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.
2. S0148/17: ഗ്രാമപഞ്ചായത്ത് സമ്പൂർണ്ണ വൈദ്യുതീകരണം ബിൽ നം. 24/17.3.17 - ₹771839/- കെ.എസ്.സി.ബിയിൽ ഒടുക്കിയതിനോ/കൈപ്പറ്റിയതിനോ രേഖയില്ല. വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.
3. S0152/17 : Filter Point Well for Anganwadi No. 77 ബിൽ നം. 23/17.3.17 - ₹55000/- Well drilling നായി തുക ഭൂജല വകുപ്പിൽ ഒടുക്കി. വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.
4. S0137/17 – പൈപ്പ് ലൈൻ എക്സ്റ്റൻഷൻ ബിൽ നം. 11/15.11.16 -₹2,21,000/- KWA, ആറ്റിങ്ങൽ ഡിവിഷനുമായി പഞ്ചായത്ത് കരാർ വച്ചിട്ടുണ്ട്. എന്നാൽ പണി പൂർത്തീകരിച്ചതിന് രേഖയില്ല. (ഗ്രാമപഞ്ചായത്തിലെ ഫാത്തിമ റോഡിലേക്ക് പൈപ്പ് ലൈൻ).
5. ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ

| | | |
|---|---|---|
| വൗച്ചർ നം. 266/7.16 | 10ാം വാർഡിൽ തമ്പുരാൻ ടെമ്പിളിന് സമീപം | 16456/- |
| വൗച്ചർ നം. 267/7.16 | 22ാം വാർഡിൽ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 2855/- |

| | | |
|---|---|---|
| വൗച്ചർ നം. 614/11.16 | 8ാം വാർഡിൽ വീടിനുമുന്നിലെ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 5611/- |
| ചെക്ക്നം.932199/ 30.11.16 | പാർവതി നഗർ റോഡിൽ പോസ്റ്റ് ഷിഫ്റ്റിംഗ്. | 8531/- |

ആകെ 1163292/-

മതിയായ രേഖകൾ ഹാജരാക്കാത്തതിനാൽ പ്രസ്തുത തുകയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-12 S0136/17: അങ്കണവാടി കെട്ടിടനിർമ്മാണം തുക കൈമാറൽ - പ്രവൃത്തി നടന്നതായി രേഖയില്ല – ചെലവ് തുക തടസ്സപ്പെടുത്തുന്നു.

നിർവ്വഹണോദ്യോഗസ്ഥൻ : സെക്രട്ടറി

ബിൽ നം. 20/17.3.17 : ₹4,00,000/-

നിലവിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 1 ാം വാർഡിലെ അങ്കണവാടിക്ക് സ്വന്തമായി കെട്ടിടം പണിയുന്നതിനായി തുക MGNREGS മിഷൻ ഡയറക്ടറുടെ അക്കൗണ്ടിലേക്ക് നിക്ഷേപിച്ചിട്ടുണ്ട്. NREGSന് കീഴിൽ, അങ്കണവാടികൾ നിർമ്മിക്കുന്നതിനായി ഒരു സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ട് തുടങ്ങുന്നതിന് സർക്കാർ അനുവദിച്ചിട്ടുണ്ടെന്നുള്ള മിഷൻ ഡയറക്ടറുടെ അറിയിപ്പിന്മേലാണ് തുക നൽകിയിട്ടുള്ളത്. ഈ അക്കൗണ്ടിലെ ഇടപാടുകൾ സംബന്ധിച്ച് ഗ്രാമപഞ്ചായത്തുകൾ ഒരു രജിസ്റ്റർ സൂക്ഷിക്കണമെന്ന് നിർദ്ദേശമുണ്ടെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. കെട്ടിടനിർമ്മാണം നടന്നതായുള്ള രേഖകളും ലഭ്യമല്ല. ആകയാൽ കൈമാറിയ തുകയായ ₹400000/- തടസ്സപ്പെടുത്തുന്നു.

## 3-13 തൊഴിലുറപ്പ് പദ്ധതി - അവലോകനം

ആകെ തൊഴിൽ കാർഡുകൾ -6674

100 ദിനം തൊഴിൽ ലഭിച്ച കുടുംബങ്ങൾ -313

അവിദഗ്ധമേഖലയിൽ തൊഴിൽ ഉറപ്പ് വരുത്തിക്കൊണ്ട് ഗ്രാമീണ കുടുംബങ്ങളുടെ ഉപജീവനവും സുരക്ഷിതത്ത്വവും ഉറപ്പ് വരുത്തുക, സ്ഥായിയായ ആസ്തികൾ സൃഷ്ടിക്കുക എന്നിവയാണ് തൊഴിലുറപ്പ് പദ്ധതിയുടെ ആത്യന്തിക ലക്ഷ്യം. എന്നാൽ തൊഴിൽ കാർഡ് നേടിയ 6674 കുടുംബങ്ങളിൽ 313 കുടുംബങ്ങൾക്ക് മാത്രമാണ് 100 ദിനം തൊഴിൽ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുള്ളത്. വരും വർഷങ്ങളിൽ തൊഴിൽ കാർഡ് നേടിയ മുഴുവൻ പേർക്കും പരമാവധി തൊഴിൽ ദിനങ്ങൾ ഉറപ്പ് വരുത്തുവാൻ അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

2016-17 സാമ്പത്തിക വർഷത്തിൽ ആകെ 13 ഇനം പദ്ധതി പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്. 2016-17ൽ 43 ആസ്തികൾ സൃഷ്ടിച്ചിട്ടുണ്ട്.

## 3-14 പട്ടികജാതി (പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങി നൽകൽ - ഉയർന്ന വിലയ്ക്ക് ലാപ്ടോപ്പ് വാങ്ങി - ₹ 7000/- നിരാകരിക്കുന്നു.

പദ്ധതി : S0063/17 – പട്ടികജാതി (പ്രൊഫഷണൽ) വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങി നൽകൽ

ബിൽ നം. : Purchase of Laptop S063/17 date: 31.3.17

പ്രോജക്റ്റ് അടങ്കൽ : ₹4,20,000/- (എസ്.സി.പി)

ചെലവ് : ₹4,03,200/-

നിർവ്വഹണോദ്യോഗസ്ഥ : അസിസ്റ്റന്റ് സെക്രട്ടറി

മേൽപ്പറഞ്ഞ പ്രോജക്റ്റ് പ്രകാരം അർഹരായ പട്ടികജാതി പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് ഒന്നിന് 28,800/- രൂപ നിരക്കിൽ ടെണ്ടർ വഴി വാങ്ങി നൽകി. മൊത്തം 14 ഗുണഭോക്താക്കൾക്കാണ് ലാപ്ടോപ്പ് നൽകിയത്. ഗ്ലോബൽ ലിങ്ക്സ് എന്ന സ്ഥാപനം നല്കിയ Acer ES1-572 എന്ന മോഡലാണ് ടെണ്ടർ വഴി തെരഞ്ഞെടുത്തത്. എന്നാൽ ഇതിനും താഴെ വിലയുള്ള ലാപ്ടോപ്പുകൾ ടെണ്ടറിൽ പങ്കെടുത്ത രണ്ട് സ്ഥാപനങ്ങളും നൽകിയിരുന്നു. ഉദാഹരണത്തിന് ഇതേ സ്ഥാപനം നൽകിയ ക്വൊട്ടേഷനിൽ ഇതേ സ്പെസിഫിക്കേഷൻ പ്രകാരമുള്ള Asus – X540LA – XX596D എന്ന മോഡലിന് 28300/- രൂപ മാത്രമേ വിലയുള്ളൂ. ലാപ്ടോപ്പ് തെരഞ്ഞെടുത്തുകൊണ്ട് നൽകിയ ടെക്നിക്കൽ അസിസ്റ്റന്റിന്റെ റിപ്പോർട്ടിൽ Global Links, AdCom Systems എന്നീ സ്ഥാപനങ്ങളുടെ ഓരോ ലാപ്ടോപ്പ് മോഡലുകൾ വീതം പരിശോധിച്ചതിന്റെ വിവരം മാത്രമേ പറയുന്നുള്ളൂ. തെരഞ്ഞെടുത്ത മോഡലിനെക്കാൾ താഴെ വിലയുള്ള മോഡലുകൾ ഇരു സ്ഥാപനങ്ങളും സമർപ്പിച്ച ക്വൊട്ടേഷനുകളിൽ ഉണ്ടായിരുന്നെങ്കിലും അവ എന്ത്കൊണ്ട് പരിശോധിച്ചില്ല എന്ന് വ്യക്തമല്ല. ഇത് സംബന്ധമായി നൽകിയ ഓഡിറ്റ് എൻക്വയറി - 22 ന് മറുപടിയായി Asus ലാപ്ടോപ്പുകൾക്ക് ഓൺ സൈറ്റ് വാറന്റി ഇല്ലാത്തതിനാൽ IKM നൽകിയ സ്പെസിഫിക്കേഷനുമായി ചേരുന്നില്ല എന്നും Adcom Systems നൽകിയ ക്വൊട്ടേഷനിൽ മോഡൽ നമ്പർ ഇല്ലാത്തതുകൊണ്ടാണ് തെരഞ്ഞെടുക്കാത്തത് എന്നും വിശദീകരണം ലഭിച്ചു.

എന്നാൽ Global Links നൽകിയ ടെണ്ടറിൽ Asus, Acer എന്നീ ലാപ്ടോപ്പുകൾക്ക് ഒരേ സ്പെസിഫിക്കേഷനാണ് കാണിച്ചിരിക്കുന്നത്. ഓൺ സൈറ്റ് വാറന്റി Asus ലാപ്ടോപ്പിന് ലഭ്യമാക്കുമോ എന്ന് നിർവ്വഹണ ഉദ്യോഗസ്ഥ ആവശ്യപ്പെട്ടതായും രേഖയില്ല. മാത്രമല്ല, IKM സ്പെസിഫിക്കേഷൻ പ്രകാരമുള്ള “5 വർഷത്തെ ഓൺ സൈറ്റ് വാറന്റി" എന്നത് തെരഞ്ഞെടുത്ത Acer മോഡലിനും ലഭ്യമല്ല. ഒരു വർഷത്തെ വാറന്റിയാണ് ഇതിന് ലഭ്യമായത്.

മോഡൽ നമ്പർ ലഭ്യമാകാതിരുന്നതിനാൽ AdCom Systems-ന്റെ ക്വൊട്ടേഷൻ പരിഗണിച്ചില്ല എന്നത് ന്യായീകരിക്കാൻ കഴിയില്ല. സ്പെസിഫിക്കേഷൻ അനുസരിക്കുന്ന കുറഞ്ഞ വിലയുള്ള ഒരു ഉപകരണം വാങ്ങുമ്പോൾ അതിന്റെ മോഡൽ നമ്പർ പോലെയുള്ള വിവരങ്ങൾ കിട്ടിയില്ലെങ്കിൽ അതിനെ പാടെ അവഗണിക്കുന്നതിന് പകരം പ്രൊക്വയർമെന്റ് നടപടിക്രമങ്ങൾ അനുസരിച്ച് കൂടുതൽ വിവരങ്ങൾ ലഭ്യമാക്കേണ്ടതായിരുന്നു.

Asus – X540LA – XX596D എന്ന മോഡൽ പരിഗണിക്കാത്തതിന്റെ കാരണം തൃപ്തികരമല്ലാത്തതിനാൽ ഈ മോഡൽ തന്നെയാണ് ഏറ്റവും കുറഞ്ഞ ക്വൊട്ടേഷൻ എന്ന് കാണുന്നു. ഉയർന്ന വിലയുള്ള ലാപ്ടോപ്പ് വാങ്ങിയത് മൂലമുള്ള നഷ്ടം.

Asus, Acer Modelകൾ തമ്മിലുള്ള വില വ്യത്യാസം : 500/-

14 ലാപ്ടോപ്പ് വാങ്ങിയതിൽ നിന്നുമുള്ള ആകെ നഷ്ടം : 500/- X 14 = **7000/-**

മേൽപ്പറഞ്ഞ തുക ഓഡിറ്റിൽ നിരാകരിക്കുന്നു. ഇത് നിർവ്വഹണോദ്യോഗസ്ഥയുടെ ബാധ്യതയായി കണക്കാക്കേണ്ടതാണ്. വരും വർഷങ്ങളിൽ ഇത്തരം പദ്ധതികൾ നടപ്പിലാക്കുമ്പോൾ പ്രൊക്വയർമെന്റ് മാന്വൽ അനുസരിച്ചുള്ള നടപടികൾ ആണ് കൈക്കൊള്ളേണ്ടത്.

## 3-15 ഇലക്ട്രിക്കൽ സാധനങ്ങൾ വാങ്ങൽ - സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധം

പ്രോജക്റ്റ് നം. എസ്.ഒ.017/17, എസ്.ഒ.150/17- തെരുവു വിളക്കുകൾക്ക് സ്പെയർപാർട്ട്സ് വാങ്ങൽ

പഞ്ചായത്തിലെ തെരുവുവിളക്കുകളുടെ മെയിന്റനൻസിനായി തനതു ഫണ്ടിൽ നിന്നും 114412/- രൂപയും പ്ലാൻ ഫണ്ടിൽ നിന്നും 155609/-രൂപയും ചെലവഴിച്ച മേൽ സൂചിപ്പിച്ച പദ്ധതികൾ പ്രകാരം സ്പെയർ പാർട്ട്സ് വാങ്ങിയിട്ടുണ്ട്. ടെണ്ടർ നടപടികളൊന്നും കൈക്കൊള്ളാതെ സിഡ്കോ, ആർട്ട്കോ എന്നീ സ്ഥാപനങ്ങളിൽ നിന്നുമാണ് ട്യൂബ് ലൈറ്റ്, സ്റ്റാർട്ടർ , സി.എഫ്.എൽ. മുതലായ എല്ലാ സാധനങ്ങളും വാങ്ങിയിട്ടുള്ളത്. ജി.ഒ.(ആർ.റ്റി.)3299/2016/ത.സ്വ.ഭ.വ. തീയതി 2.12.2016 പ്രകാരം ടെണ്ടർ നടപടികൾ ഒഴിവാക്കി സാധനസാമഗ്രികൾ സർക്കാർ അംഗീകൃത ഏജൻസികളിൽ നിന്നും വാങ്ങുന്നത് ഈ സ്ഥാപനങ്ങൾ സ്വയം നിർമ്മിക്കുന്നവയ്ക്ക മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. മേൽപ്പറഞ്ഞ സ്ഥാപനങ്ങളെ സ്റ്റീൽ/മര/ആശുപത്രി ഫർണ്ണിച്ചർ വാങ്ങുന്നതിനാണ് ടെണ്ടർ ഒഴിവാക്കി സർക്കാർ തീരുമാനമുള്ളത്. ഭാവിയിൽ ഇലക്ട്രിക്കൽ സാധനങ്ങൾ വാങ്ങുമ്പോൾ ടെണ്ടർ നടപടികൾ കർശനമായും പാലിക്കേണ്ടതാണ്.

## 3-16 വിതരണം ചെയ്ത ഇലക്ട്രിക് സാധനങ്ങൾ പ്രവൃത്തിയ്ക്ക് ഉപയോഗിച്ചില്ല – ചെലവ് രേഖകളുടെ അഭാവത്തിൽ 136150/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവഹണോദ്യോഗസ്ഥ : സെക്രട്ടറി

i) പ്രോജക്റ്റ് നം. എസ്.ഒ.018/17 : സ്ട്രീറ്റ് ലൈറ്റ് റിപ്പയർ

2) പ്രോജക്റ്റ് നം. എസ്.ഒ.017/17 : സ്ട്രീറ്റ് ലൈറ്റ് റിപ്പയർ സ്പെയർ പാർട്ട്സ് വാങ്ങൽ

3) പ്രോജക്റ്റ് നം. എസ്.ഒ.150/17 : സ്ട്രീറ്റ് ലൈറ്റ് റിപ്പയർ സ്പെയർ പാർട്ട് വാങ്ങൽ

പഞ്ചായത്തിലെ തെരുവു വിളക്കുകളുടെ റിപ്പയറിംഗിനായി രൂപീകരിക്കപ്പെട്ട പ്രസ്തുത പദ്ധതികൾ മുഖേന നിലവിലുള്ള തെരുവുവിളക്കുകളുടെ കേട്ടുപാടുകൾ തീർത്ത് കണക്ഷൻ നൽകുക മാത്രമാണ് ചെയ്തിട്ടുള്ളത്. എന്നാൽ ചുവടെപറയുന്ന സാധനങ്ങൾ പ്രസ്തുത പ്രവൃത്തിയ്ക്കായി നൽകിയിട്ടുണ്ടെന്നാണ് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിക്കാണുന്നത്.

| | | |
|---|---|---|
| 1) Street light single tube set | : | 73 no.s |
| 2) Tube light 40W | : | 230 no.s |
| 3) Starter | : | 230 no.s |
| 4) Side holder | : | 200 no.s |
| 5) CFL Bulb | : | 140 no.s |

ഈ സാധനങ്ങളുടെ വില ചുവടെപ്പറയും പ്രകാരമാണ്.

| | | |
|---|---|---|
| 1 i) Street light single tube set | - 13 no.s @ 1500/- | = 19500/- |

(ബിൽ നം. 28/31.3.2017 – തുക 61029/-)

| | | |
|---|---|---|
| ii) Street light single tube set | - 60no.s @1150/- | = 69000/- |
| 2. Tube light 40W | - 230 no.s @43 | = 9890/- |
| 3. Starter | - 230no.s @210 | = 2300/- |
| 4. Side holder | - 200no.s @24 | = 4800/- |
| 5. CFL bulb | - 140 no.s @ 219 | = 30660/- |
| | ആകെ | = 116650/- |
| | (ബിൽ നം. 27/29317 തുക 209051) | |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 26) പ്രസ്തുത സാധനങ്ങൾ ഉപയോഗിച്ച് ചെയ്ത പ്രവൃത്തിയ്ക്കുള്ള ബില്ല് നാളിതുവരെ മാറി നൽകിയിട്ടില്ലാത്തതിനാലാണ് ചെലവ് രേഖകൾ ലഭ്യമല്ലാത്തത് എന്ന മറുപടിയാണ് നൽകിയിട്ടുള്ളത്. ഈ സാഹചര്യത്തിൽ 136150/- രൂപയുടെ (116650+19500) ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മതിയായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

തൻവർഷം തിരിച്ചടവ് ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയ തിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | KWA | 69/17- കുടിവെള്ള വിതരണം. | 600000 | - | - |
| 2 | District Co.Director, SSA | 47/17 SSA | 1253626 | 1253626 | 0 |
| 3 | Director, IKM | 134/17 IKM | 106133 | 106133 | 0 |
| 4 | KWA | 137/17 | 221000 | 221000 | 0 |
| 5 | KSEB | 139/17 | 184204 | 184204 | 0 |
| 6 | ജില്ലാ പഞ്ചായത്ത് | 142/17 പാലിയേറ്റിവ് കെയർ | 100000 | 100000 | 0 |
| 7 | KSEB | 148/17 | 771839 | 771839 | 0 |
| 8 | KWA | 151/17 | 82000 | 82000 | 0 |
| 9 | Ground Water Authority | 152/17 | 55000 | 55000 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും
വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| തൻവർഷം തിരിച്ചടവ് ഇല്ല | | | | | | |
|---|---|---|---|---|---|---|
| ഇ.എം.എസ്. ഭവന പദ്ധതി | 8/10/ems /cc/tvpm dtd 20.1.2010 | 20350500 | 5406900 | -- | -- | 5406900 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

1 ഇന്ത്യൻ ബാങ്ക് 50,00,000/-

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം. / തീയതി |
|---|---|---|---|
| 2010-11 | 375/- | ശ്രീമതി ഗ്രേസി പി.എസ്., എച്ച്.എം., ഗവ. എൽ.പി.എസ്., കഠിനകുളം | 11625103946/ 18.10.2016 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

**(എ)** സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ് : 147612234/-

ഓഡിറ്റ് വർഷത്തെ ആകെ ചെലവ് : 81257817/-

വരവിനങ്ങളിലുള്ള നഷ്ടം : --

ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക : 7000/-

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക : 1824462/-

**(ബി)** പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ക്രമ നം. | ഖണ്ഡിക നം. | നഷ്ടമായതുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|---|
| | | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 1 | 3.14 | | 7000 | ശ്രീമതി മിനി.ജി. അസിസ്റ്റന്റ് സെക്രട്ടറി, കഠിനകുളം ഗ്രാമപഞ്ചായത്ത് |

**(സി)** ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ക്രമ നം. | ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 1 | 3-7 | 125020/- | ശ്രീമതി സിമി ദിവാൻ, മെഡിക്കൽ ഓഫീസർ, ആയുർവേദം |
| 2 | 3-12 | 400000/- | ശ്രീമതി ആമിനാ ബായി, സെക്രട്ടറി |
| 3 | 3-11 | 1163292/- | |
| 4 | 3-16 | 136150/- | |
| | ആകെ | 1824462/- | - |

**(ഡി)** കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

**(ഇ)** നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

**(എഫ്)** റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ക്രമ നം. | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക വിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | ശ്രീമതി മിനി.ജി. അസിസ്റ്റന്റ് സെക്രട്ടറി, കഠിനംകുളം ഗ്രാമപഞ്ചായത്ത് | | ശ്രീമതി മിനി. ജി., നീലമന, മഠത്തുനടലെയിൻ, ശ്രീകാര്യം, TVM – 17 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 2000-01 | നം.എൽ.എഫ്.റ്റി.ഡി. ജി.പി.7.899/02 തീ.25.06.2014 | - |
| 2001-02 | നം.എൽ.എഫ്.റ്റി.ഡി. ജി.പി.7.257/04 തീ.25.06.2014 | - |
| 2002-03 | നം.എൽ.എഫ്.റ്റി.ഡി. ജി.പി.7.703/08 തീ.25.06.2014 | - |
| 2003-04 | നം.എൽ.എഫ്.റ്റി.ഡി. ജി.പി.7.708/08 തീ.19.04.2014 | - |
| 2004-05 | നം.എൽ.എഫ്.റ്റി.ഡി. ജി.പി.7.380/09 തീ.22.09.2009/ 09.02.2010 | - |
| 2005-06 | നം.എൽ.എഫ്.റ്റി.ഡി. ജി.പി.7.381/09 തീ. 05.10.2009/ 09.02.2010 | - |
| 2006-07 | നം.എൽ.എഫ്.റ്റി.ഡി. ജി.പി.11.326/10 തീ.13.06.2011 | - |
| 2007-08 | നം.എൽ.എഫ്.റ്റി.ഡി. ജി.പി.11.327/10 തീ.03.12.2013 | - |
| 2008-09 | നം.എൽ.എഫ്.റ്റി.ഡി. ജി.പി.11.2101/11 തീ.28.06.2012 | |
| 2009-10 | നം.എൽ.എഫ്.റ്റി.ഡി. ജി.പി.11.2101/11 തീ.25.04.2013 | - |
| 2010-11 | നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.11.2266/11 തീ.18.12.2015 | - |
| 2011-12 | നം.എൽ.എഫ്.റ്റി.ഡി. ജി.പി.11.1108/13 തീ.09.06.2015 | - |
| 2012-13 | നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.11.1341/14 തീ.18.12.2015 | - |
| 2013-14 | നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.11/264/16 തീ.16.03.2016 | - |
| 2014-15 | നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.11/1234/16 തീ.21.07.2016 | - |
| 2015-16 | നം. കെ.എസ്.എ. റ്റി.വി.എം.ജി.പി.11/1964/16 തീയതി 14.11.2016 | - |

ഒപ്പ്/-

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

*ബിഎൽ. 13.10.2017*

## അനുബന്ധം - 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് , ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ കഠിനംകുളം ഗ്രാമപഞ്ചായത്തിന്റെ **2016-17** സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ കഠിനംകുളം ഗ്രാമ പഞ്ചായത്തിന്റെ **2016-17** സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ന്യൂനതകളുടെ സംഗ്രഹം

1. ആസ്തി, സ്റ്റോക്ക് എന്നിവ മൂല്യാധിഷ്ഠിതമായി പരിപാലിച്ചിട്ടില്ല.
2. ചുവടെ പറയുന്ന അക്കൗണ്ടുകളിലെ നീക്കിയിരിപ്പുകൾ ധനകാര്യപത്രികയിലേതും പാസ്സ്ബുക്കുകളിലേതും തമ്മിൽ പൊരുത്തപ്പെടുന്നില്ല (റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയിട്ടില്ല. )

| | എ.എഫ്.എസ്. പ്രകാരം | പാസ്സ്ബുക്ക് പ്രകാരം |
|---|---|---|
| തനത് ഫണ്ട് -റ്റി.എസ്.ബി. അക്കൗണ്ട് | 37737520 | 39082262 |
| യൂണിൻ ബാങ്ക് -പൈക്ക | 71127 | 65913(as on 3.2.2015) |
| ഡി.സി.ബി- സാക്ഷരത | 99 | NIL (അക്കൗണ്ട് ക്ലോസ് ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്) |

3. 2015-16ലെ B15 ഷെഡ്യൂളിൽ പിരിഞ്ഞുകിട്ടാൻ ശേഷിക്കുന്നതായി രേഖപ്പെടുത്തിയിട്ടുള്ള തുകയും തൻവർഷം വരവു വന്നിട്ടുള്ള തുകയും (RP-43) തമ്മിൽ പൊരുത്തപ്പെടുന്നില്ല.
4. B4, B17 ഷെഡ്യൂളുകളിലെ നീക്കിയിരിപ്പ് തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.
5. ചുവടെപറയുന്ന നികുതി/നികുതിയേതര വരുമാനങ്ങൾ ധനകാര്യപത്രികയിൽ ചേർത്തിട്ടുള്ളത് യഥാർത്ഥവരവുമായി പൊരുത്തപ്പെടുന്നില്ല

| ഇനം | രജിസ്റ്റർ പ്രകാരം | എ.എഫ്.എസ്. പ്രകാരം |
|---|---|---|
| ഡി & ഒ ലൈസൻസ് (തൻവർഷം ) | 81800 | 85500 |
| ഡി & ഒ ലൈസൻസ് (കുടിശ്ശിക) | 4400 | 4800 |
| ഡി & ഒ (മുൻകൂർ) | 7700 | 7300 |
| തൊഴിൽനികുതി (ജീവനക്കാർ) | 3097830 | 3573946 |
| കെട്ടിട നികുതി | 5957974 | 6576420 |

6. പഞ്ചായത്തിലെ രേഖകൾ പ്രകാരം 2016-17 വർഷത്തിൽ part payment ആയി നൽകിയ ആകെ തുക 172439/- രൂപ ആണ്. എന്നാൽ B-11(a)ഷെഡ്യൂൾ പ്രകാരം ഇത് 2994180/- രൂപ ആണ്.

ഒപ്പ്/-

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.